നർമ്മം

# കേട്ടില്ലേ, തോണ്ടിയതൊരു മൂത്ത അച്ചായൻ

## സുധീർ പണിക്കവീട്ടിൽ

സമ്മതമില്ലാത്ത കൊച്ചു പെമ്പിള്ളേരെ വല്ല്യപ്പച്ചന്മാർ ഒന്നു തൊട്ടാൽ, കെട്ടിപ്പിടിച്ചാൽ എന്തു സംഭവിക്കും? ഇതായിരുന്നു ചർച്ചക്കായി തിരഞ്ഞെടുത്ത വിഷയം. സമൂഹത്തിൽ എന്തെങ്കിലും സംഭവിച്ചാൽ ഉടനെ ചർച്ചയും, സംഘടനാ രൂപീകരണവും, ലേഖനമെഴുത്തും മലയാളിയുടെ കൂടപ്പിറപ്പാണല്ലോ? ചോദ്യത്തിനുള്ള ഉത്തരവും അതിൻെറ സംഘാടകർ കൊടുത്തിരുന്നു. പൊട്ടിത്തെറിക്കും, ചീറ്റിപ്പോകും, ഒലിച്ചു പോകും അല്ലെങ്കിൽ ഉരുകി പോകും, നാണംകെടും, പുഞ്ചിരി പൂക്കൾ കൊഴിയും, കവിളിൽ അടി വീഴും, അടിതെറ്റും (അടി തെറ്റിയാൽ ആനയും വീഴും), മുഖപുസ്തകങ്ങളിൽ മുഖം വിക്രുതമാക്കപ്പെടും, ഷുഗരിൻെറ കമ്പ്ലെയിൻറുള്ളവർക്ക് ഷുഗർ കൂടി തലക്കറക്കം വരും, ഉത്തരം മുട്ടും. ഇതിൽ ഏതെങ്കിലും ഉത്തരം തിരഞ്ഞെടു ത്ത് സംസാരിക്കാം. അല്ലെങ്കിൽ സ്വയം ഒരു ഉത്തരം കണ്ടുപിടിക്കാം.

സ്ത്രീ വിഷയമായത് കൊണ്ട് ചർച്ചയിൽ പങ്കെടുക്കാൻ നല്ല ആരോഗ്യമുള്ളവരും, വടി കുത്തിപിടിച്ച, നടു വളഞ്ഞ, കുടവയറും കഷണ്ടിയുമുള്ള വയസ്സന്മാരും ധാരാളം എത്തിയിരുന്നു. ഒരു തമാശ കാണാനെന്ന പോലെ യുവാക്കളും എത്തിയിരുന്നു. അവരാണല്ലോ നാളത്തെ വയസ്സന്മാർ. ധൈര്യശാലികളായ സ്ത്രീജനങ്ങളും ഉണ്ടായിരുന്നു. ചർച്ചയിൽ ആദ്യം പങ്കെടുത്ത വല്യപ്പൻ എഴുന്നേറ്റ് നിന്നു ചോദിച്ചു. ഇങ്ങനെ ഒരു ചർച്ച നടത്താൻ മാത്രം ഇതത്ര കാര്യമാക്കാനുണ്ടോ? എനിക്കാണെങ്കിൽ വാതത്തിൻെറ ഉപദ്രവമുള്ളത് കൊണ്ട് കൈ വിരലുകൾ ഒന്നും വഴങ്ങുന്നില്ല. കയ്യും അതേപോലെ തന്നെ. ഞാൻ സ്ത്രീകളോട് ഒന്നു ചേർന്നു നിന്ന്, വാതം പിടിച്ച ബലമില്ലാത്ത കൈകൊണ്ട് ഒന്നു തലോടും അത്ര തന്നെ. എറുമ്പ് ആനയെ ഭോഗിച്ചപ്പോൾ ആന അറിയാതിരുന്നപോലെ എൻെറ ദുർബ്ബലമായ കരസ്പർശം സ്ത്രീകൾ അറിയാറ് പോലുമില്ലെന്നാണ് എൻെറ അനുഭവം. അതുകൊണ്ട് എനിക്കിതിൽ ഒന്നും പറയാനില്ല. കൊച്ചുപെമ്പിള്ളേരെ തൊട്ടാലോ വാത്സല്യത്തോടെ ഒന്നു കെട്ടിപിടിച്ചാലോ ഒന്നും സംഭവിക്കില്ല. അവർ അതൊക്കെ വല്ല്യപ്പച്ചന്മാരുടെ ഒരു സ്നേഹപ്രകടനം എന്നേ കാണു.

സംഘാടകൻ സദസ്സിൻെറ ക്ഷമ ചോദിച്ചുകൊണ്ട് വിശദീകരണം നൽകി. “കൊച്ചുപിമ്പേള്ളർ എന്നു പൊതുവായി പറഞ്ഞതാണ്. ബാലികമാർ മുതൽ തൈക്കിളവിമാർവരെയുള്ളവരെയാണു അതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

അതു കേട്ടപ്പോൾ ഒരു യുവാവ് ഏണിറ്റ് നിന്ന് പറഞ്ഞു. മുമ്പ് പറഞ്ഞ വല്യപ്പനെപോലെ വാതമുള്ള തൈക്കിഴവിമാരും, കിഴവിമാരും സ്പർശനം അറിയാതെ പോകില്ലേ? ചെറുപ്പക്കാരികൾ അല്ലേ ഞെട്ടിത്തെറിക്കയുള്ളു.

വല്യപ്പന്മാർ ഒന്നടങ്കം ചെറുക്കനെ നേരേ തിരിഞ്ഞു ബഹളം വച്ചു. " എടാ കൊച്ചനെ തൈകിഴവിമാർ കണ്ണടയൊക്കെ വച്ച് ചുറ്റും നടക്കുന്നത് മനസ്സിലാക്കാൻ കഴിവുള്ളവരാണ്. സ്പർശനം അറിയാതെ പോയാലും കണ്ണുകൾ കൊണ്ട് കാണുമല്ലോ? അവരെയൊന്നും അങ്ങനെ പറ്റിക്കാൻ സാധിക്കയില്ല.

സംഘാടകൻ ഇടപ്പെട്ടു. ബഹുമാന്യരെ.. വിഷയത്തിലേക്ക് വരുക. സ്ത്രീയെ അനുവാദമില്ലാതെ തൊട്ടാൽ, കെട്ടിപ്പിടിച്ചാൽ എന്തു സംഭവിക്കും?

അഭിപ്രായം പറയാൻ വെമ്പൽ പൂണ്ട് നിന്ന വേറൊരു അച്ചായനെ സംഘാടകർ വേദിയിലേക്ക് ക്ഷണിച്ചു. അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു. അമേരിക്കയിൽ ആളുകൾ സൗഹാർദ്ദപൂർവം ആലിംഗനം ചെയ്യുന്നത് കണ്ട് വെള്ളമിറക്കി ഞാൻ വളരെയധികം മലയാളി പെണ്ണുങ്ങളെ പല സമ്മേളനത്തിലും വച്ച് ആലിംഗനം ചെയ്തീട്ടുണ്ട്. അവർ എന്നെ അതിൽ നിന്നും വിലക്കിയിട്ടില്ല. ചിലർ കെട്ടിപ്പിടിക്കാൻ ചെല്ലുമ്പോൾ, ഹസ്തദാനത്തിനായി കൈ നീട്ടും അല്ലെങ്കിൽ നമസ്തെ പറയും. അതുകൊണ്ട് ഞാൻ ഓർക്കാപ്പുറത്ത് പോയാണു എൻെറ മോഹം നിറവേറ്റാറുള്ളത്. അതിനായി അറേബ്യയിൽ നിന്നും ഏറ്റവും വിലകൂടിയ കൊളോൺ വരുത്തിച്ച് അതും പൂശിയാണു ഞാൻ ഈ വിനോദത്തിനിറങ്ങുന്നത്. കൊളോണിൻെറ മാസ്മരസുഗന്ധം ഒരു നിമിഷം അവരെ നിർവീര്യകളാക്കുന്നു. അതുകൊണ്ട് ഇഷ്ടമായില്ലെങ്കിലും അവർ പ്രതികരിക്കില്ല. മൂക്കടഞ്ഞ ചില മുശടകൾ ഒന്ന് കുതറുമെങ്കിലും ഞാൻ അതു മനസ്സിലാക്കി കാര്യം സാധിച്ച് വേഗം സ്ഥലം വിടും. ആശ്ലേഷണം ആരോഗ്യത്തിനു വളരെ നല്ലതാണ്. ഓരൊ തവണ ആശ്ലേഷിക്കുമ്പോഴും നമുടെ പിറ്റുറ്ററി ഗ്രന്ഥി ഓക്സിടോസിൻ എന്ന സ്രാവം പുറപ്പെടുവിക്കുന്നു. ഹ്രുദയമിടിപ്പുകളെ ക്രമപ്പെടുത്തുന്നു. സമ്മതമില്ലാത്ത സ്ത്രീകളെ ആലിംഗനം ചെയ്യുമ്പോൾ ഈ ഗുണമുണ്ടാകുമോ എന്നറിയില്ല. എന്നാൽ എന്നെ സം ബന്ധിച്ചേടത്തോളം എന്താണു സംഭവിക്കുന്നതെന്നു സ്ത്രീകൾ അറിയുന്നതിനു മുമ്പ് ഞാനും എൻെറ കൊളോണും കൂടി ആവശ്യം നിറവേറ്റിയിരിക്കും.

സദസ്സ് ശബ്ദമുഖരിതമായി. ഏതാണു ആ കൊളോൺ? വല്യപ്പന്മാർ പേനയും കടലാസ്സുമെടുത്ത് കൊളോണിൻെറ പേരു എഴുതിയെടുക്കാൻ തുടങ്ങി. യുവാക്കൾക്ക് അതു ഹരം പകർന്നു. അവർ ഉച്ചത്തിൽ വിളിച്ച് പറഞ്ഞു. കൊളോൺ പൂശി പെണ്ണുങ്ങളെ കെട്ടിപ്പിടിക്കാൻ പോകുന്ന വല്യപ്പൻ ആളു മോശക്കാരനല്ലല്ലൊ? "എന്തിനാണു മറ്റു സ്ത്രീകളെ കെട്ടിപ്പിടിക്കാൻ പോകുന്നത്?, വീട്ടിൽ നിന്നും വല്യമ്മച്ചിയെ കെട്ടിയെടുത്താൽ പോരേ? തൊട്ടാൽ എന്തു സംഭവിക്കുമെന്ന ചർച്ചയിൽ അച്ചായൻ ഒരു പടി മുന്നോട്ട് വച്ച് കെട്ടിപ്പിടിക്കുന്ന വിദ്യയെപ്പറ്റി വിവരിച്ചപ്പോൾ സംഘാടകാരിൽ ഉൾപ്പെട്ട ഒരു സ്ത്രീ അപ്പോൾ ഏണീറ്റ് നിന്നു.

എല്ലാവരും അവരിലേക്ക് ഉറ്റു നോക്കി. വിദ്യസമ്പന്നയായ ആ സ്ത്രീ എന്തു പറയാൻ പോകുന്നു എന്നു കേൾക്കാൻ എല്ലാവരും ശ്വാസമടക്കി ഇരുന്നു. "All the perfumes of

Arabia will not sweeten our bodies” പിന്നെ കൊളോൺ അടിച്ച് വിലസുന്ന വല്ല്യപ്പനോട് അവർ പറഞ്ഞു ” നിങ്ങളുടെ പ്രായത്തെ മാനിച്ച് ഞങ്ങൾ ഒന്നും മിണ്ടിയില്ലെന്ന് കരുതി അത് ഞങ്ങളുടെ സമ്മതമാണെന്നു കരുതരുത്. നിങ്ങളുടെ ഒരു കൊളോൺ മണത്ത് മതി മറക്കാൻ മാത്രം ഞങ്ങൾ വിമൂഢരല്ല.

ഒരു പാവം വല്ല്യപ്പൻ അപ്പോൾ പറഞ്ഞത് രസകരമായി. “ എൻെറ ഭാര്യ ഏലിയാമ്മയെപോലും ഒന്നു മുറുക്കി കെട്ടി പ്പിടിക്കാൻ എനിക്ക് സാധിക്കുന്നില്ല. എന്നിട്ടല്ലേ മറ്റുള്ള പെണ്ണുങ്ങളെ തൊടാനും, കെട്ടി പ്പിടിക്കാനും പോകുന്നത്. അതൊക്കെ ഒരു ഞരമ്പ് രോഗമല്ലേ?. അത് നിർത്താൻ പെണ്ണുങ്ങൾ കയ്യുയർത്തണം. മുഷ്ടിച്ചുരുട്ടി മൂക്കത്ത് നല്ല ഇടി കൊടുത്താൽ ” വല്യപ്പന്മാരുടെ“ ഇളക്കവും, ഇടർച്ചയും ഒക്കെ തീരും. കിഴവന്മാരുടെ കെട്ടിപ്പിടുത്തവും, മൂരി ശ്രുംഗാരവും അനുഭവിക്കേണ്ടി വന്നവർ അതേക്കുറിച്ച് വിലപിക്കരുത്. അതേക്കുറിച്ച് എഴുതി സമയം കളയാനും പോകരുത്. എഴുതിയിട്ട് എന്തു കാര്യം. അമേരിക്കൻ മലയാളി സമൂഹത്തിൽ വായനകാരില്ലെന്നല്ലേ കേൾക്കുന്നത്? സംഭവസ്ഥലത്ത് വച്ച് അത്തരം മുക്രയിടുന്ന മൂരികളെ കൈകാര്യം ചെയ്യണം. സാഹിത്യത്തിലും മുക്രയിട്ട മൂരികൾ മഷി വറ്റിയ പേനയും കൊണ്ട് വരുന്നത് കാണാം. വിലപിച്ചിട്ട് കാര്യമില്ല. പെരുമാറ്റ ദൂഷ്യത്തിനു ചുട്ട അടി. പേടിക്കണ്ട. വയസ്സന്മാർ പിന്നെ ഈ സാഹസത്തിനു തുനിയില്ല.

വല്ല്യപ്പച്ചന്മാർ കൊച്ചുപിമ്പെള്ളേരെ അവരുടെ സമ്മതമില്ലാതെ തൊട്ടാൽ എന്തു സംഭവിക്കും? ഇതു വരെ ഒന്നും സംഭവിച്ചിരുന്നില്ല. കാരണം ഭാരതസ്ത്രീതൻ ഭാവശുദ്ധി കാത്ത് സൂക്ഷിക്കുന്നവരായിരുന്നു എല്ലാവരും.അവർ മാനക്കേട് ഓർത്ത് മിണ്ടിയില്ല. എന്നാൽ ഇപ്പോൾ മലയാളി സ്ത്രീകൾ പ്രതികരിക്കാൻ തുടങ്ങിയപ്പോഴല്ലേ അച്ചായന്മാരുടെ തനി നിറം പുറത്ത് വരുന്നത്. ബുദ്ധിമതികളായ സ്ത്രീകൾ കൈ കൊടുത്തും, നമസ്തെ പറഞ്ഞും അത്തരക്കാരിൽ നിന്നും ഒഴിഞ്ഞ് നിൽക്കും.ഓർക്കാപ്പുറത്ത് ചാടി വീഴുന്നവരിൽ നിന്നും ഒഴിയാൻ പഠിക്കണം. ഇല മുള്ളിൽ വീണാലും മുള്ളു ഇലയിൽ വീണാലും ഇലക്ക് തന്നെ കേടു എന്ന കാര്യത്തിനു മാറ്റമില്ല. അതു കൊണ്ട് ഇല കീറാതെ നോക്കുക. ഒരു സുമംഗലി വളരെ ശക്തമായി അഭിപ്രായം പ്രകടിപ്പിച്ചു.

ഇതൊക്കെ വല്ല്യപ്പച്ചന്മാരുടെ ഒരു തമാശയായി പൊറുത്ത് കൂടെ അമ്മാമ്മാമാരെ എന്നു ഒരു കൊച്ചുമകൻ അപേക്ഷിച്ചു. ഇനിമുതൽ വല്ല്യപ്പന്മാരെ സൂക്ഷിക്കണമെന്ന് വേറൊരു കൊച്ചുമോൾ (പേരല്ല, പേരക്കുട്ടി എന്നർത്ഥത്തിൽ). സദസ്സിലെ പിരിമുറുക്കം പോയി എല്ലാവരും ചിരിക്കാൻ തുടങ്ങി. സംഘാടകൻ വീണ്ടും ഇടപ്പെട്ടു. ഇതേക്കുറിച്ച് സംസാരിക്കാൻ ആരെങ്കിലും ഉണ്ടൊ?

നരച്ച മുടി കറുപ്പിക്കാതെ വയസ്സ് പുറത്ത് കാണപ്പെടുന്നതിൽ വിരോധമില്ലാത്ത ഒരു വല്ല്യപ്പൻ ഇങ്ങനെ ബോധിപ്പിച്ചു. ഒരു സ്ത്രീയോട് പിത്രു-സഹോദര സ്നേഹ ബഹുമാനങ്ങൾ പ്രകടിപ്പിക്കുന്നതിൽ തെറ്റില്ല. മുടി കറുപ്പിച്ചും, ഫാഷൻ വസ്ത്രങ്ങളണിഞ്ഞും പ്രായം മറച്ചുവച്ച് നടക്കുന്നവർ സ്നേഹപ്രകടനങ്ങൾക്ക് പോകാതിരിക്കയാണു നല്ലത്. കാരണം ഒരു സ്ത്രീയെ സ്നേഹത്തോടെ ഒന്നു ചുമലിലോ, പുറത്തോ തട്ടിയാൽ അവർക്കറിയില്ലല്ലോ അത് ചെയ്യുന്നത് വെളുത്ത വാർദ്ധക്യം കറുപ്പിച്ച ഒരു വല്ല്യപ്പനാണെന്ന്. അവർ അപ്പോൾ മറ്റു പലതും തെറ്റിദ്ധരിക്കും. അതുകൊണ്ട്

വ്രുദ്ധരായ പുരുഷന്മാരെ നിങ്ങൾ ഇനിമുതൽ വയസ്സന്മാരായി നടക്കുക. അപ്പോൾ ഇങ്ങനെ ഒരു പ്രശ്നമുണ്ടാകില്ല.. പിന്നെ ആവശ്യമില്ലാതെ മറ്റ് സ്ത്രീകളെ തൊടാനും, കെട്ടിപ്പിടിക്കാനും തോളിൽ കൂടി കയ്യിടാനും പോകാതിരിക്കുക. പൊതു സമ്മേളനങ്ങളിൽ വരുന്ന സ്ത്രീ എന്താ അച്ചാറാണൊ തൊട്ടു നോക്കാൻ. വീട്ടിൽ നല്ല പഴകിയ ഉപ്പു മാങ്ങയുണ്ടാകുമല്ലോ? അതിൽ തൊട്ടു കളിച്ചാൽ പോരേ? വാർദ്ധക്യത്തിൻെറ മാന്യത കളയാതിരിക്കുക മൂത്ത അച്ചായന്മാരേ. പരസ്ത്രീയെ തോണ്ടാനും, തൊടാനും, കെട്ടിപ്പിടിക്കാനും പോകാതിരിക്കുക. ഞാൻ എൻെറ വാക്കുകളെ അവസാനിപ്പിക്കുന്നു.

യോഗം അവസാനിപ്പിച്ച്കൊണ്ട് സംഘാടകൻ പറഞ്ഞ വാക്കുകൾ: വയസ്സായ പുരുഷന്മാർ കരി വാരി തേച്ച് മുടി കറുപ്പിക്കാതിരിക്കുക, വയസ്സന്മാർക്ക് ചേരുന്ന വിധം വസ്ത്രം ധരിക്കുക. സ്ത്രീകളിൽ നിന്നും മാന്യതയുടെ അകല പരിധി പാലിക്കുക. പൂവ്വാലവേഷം ചെറുപ്പം വിടുന്നവരെ മാത്രമേ യോജിക്കയുള്ളു. വയസ്സൻ എന്നു സമ്മതിക്കുക. അപ്പോൾ സ്ത്രീകളിൽ നിന്നും പരാതികൾ കുറയും. വയസ്സന്മാർ ചെറുപ്പകാരായി നടിച്ച് സ്ത്രീകളുടെ പുറകെ കൂടിയാൽ അവർ പ്രതികരിക്കും. അല്ലെങ്കിൽ അവർ അതു കാര്യമാക്കിയെന്ന് വരില്ല. വല്ല്യപ്പന്മാരുടെ വല്ല്യമ്മച്ചിമാർക്ക് ഈ സ്നേഹപ്രകടന കാര്യങ്ങളിൽ താൽപ്പര്യമില്ലെങ്കിൽ ഒന്നു കൂടി കെട്ടുന്ന കാര്യം ചിന്തിക്കുക. കടലിലെ ഓളവും കരളിലെ മോഹവും അടങ്ങുകയില്ലല്ലോ. അപ്പോൾ പിന്നെ തുടക്കം മംഗല്യം..തന്തുനാനേനാ... കൊച്ചു പിള്ളേർക്ക് ആടി തിമിർക്കാം, കേട്ടില്ലേ ഐക്യനാട്ടിൽ വല്ല്യപ്പന്മാർക്കൊക്കെ കല്യാണം. വയസ്സ് കാലത്ത് വീണ്ടുമൊരു മംഗല്യം... കേട്ടില്ലേ തോണ്ടി പോയത് നര വീണൊരു വല്ല്യപ്പൻ..

*വാൽക്കഷണം" ഈ ക്രിസ്തുമസ്സിനു എല്ലാ വല്ല്യപ്പന്മാർക്കും മുന്തിയ കൊളോൺ സമ്മാനമായി നൽകുക.*

***************